**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്തെ വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2024-ലെ ഓണക്കാലത്ത് വിപണി ഇടപെടലിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | വിപണിയിടപെടലിന്റെ ഭാഗമായി 2024 - ലെ ഓണത്തോട് അനുബന്ധിച്ച് 14 ജില്ലകളിലും സെപ്റ്റംബർ 14 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, ഹോർട്ടികോർപ്പ്, മിൽമ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2024 സെപ്റ്റംബർ10 മുതൽ 14 വരെ ഓണം ഫെയറുകൾ നടത്തിയിട്ടുണ്ട്. സബ്സിഡി ഇനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങളുടെ മതിയായ സ്റ്റോക്ക് എല്ലാ ഫെയറുകളിലും സപ്ലൈകോ വിൽപ്പനശാലകളിലും ലഭ്യമാക്കി. വിപണിയേക്കാൾ ന്യായമായ നിരക്കിൽ സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും പ്രമുഖ ജനപ്രിയ ബ്രാൻഡുകളിലുള്ള എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും ലഭ്യമാക്കി. ശബരി ഉൽപ്പന്നങ്ങൾ 15% മുതൽ 35% വരെ വിലക്കുറവിലും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും ലഭ്യമാക്കി. ഇതിനുപുറമേ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ അവശ്യ സാധനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ഉൽപ്പന്നങ്ങളും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നു.<br><br>ഓണക്കാലത്ത് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനായി സംഭരിച്ചിരുന്ന സാധനങ്ങളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രമുഖ ബ്രാൻഡുകളുടെ ഇരുന്നൂറോളം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു. കൂടാതെ സപ്ലൈകോ സൂപ്പർമാർക്കറ്റ് ശ്രേണിയിലുള്ള വിൽപ്പനശാലകൾ വഴി സെപ്റ്റംബർ6-ാം തീയതി മുതൽ 14-ാം തീയതി വരെ ഉച്ചയ്ക്ക് ശേഷം രണ്ട് മണി മുതൽ 4 മണി വരെ വിൽപ്പന നടത്തിയ ശബരി, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്കും 10 മുതൽ 50 ശതമാനം വരെ അധിക ഡിസ്കൗണ്ടും നൽകിയിരുന്നു. നിലവിൽ നൽകിവരുന്ന എല്ലാ ഡിസ്കൗണ്ടുകൾക്കും പുറമേയാണിത്.<br><br>സാധാരണ ജനങ്ങൾക്ക് മതിയായ അളവിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള സപ്ലൈകോയുടെ ആയിരത്തി അഞ്ഞൂറോളം വിൽപ്പനശാലകളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 25% മുതൽ 35% വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.<br><br>സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിച്ച 2024 സെപ്റ്റംബർ5 മുതൽ 14 വരെയുള്ള കാലയളവിൽ ഏകദേശം 19.32 ലക്ഷത്തോളം കാർഡുടമകൾക്ക് സപ്ലൈകോ ഫെയറുകളും വിൽപ്പനശാലകളും വഴി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകിയിട്ടുണ്ട്. ആകെ 21 ലക്ഷത്തോളം ഉപഭോക്താക്കൾ ഇക്കാലയളവിൽ സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.<br><br>സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയേക്കാൾ ന്യായമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതു വഴി വൻകിട വ്യാപാര സ്ഥാപനങ്ങൾ അമിത വില ഈടാക്കി പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നത് തടയുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾക്ക് തടയിടാനും സാധിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. |
| (ബി) | വിപണി ഇടപെടലിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഈ ഓണക്കാലത്ത് ഏതെല്ലാം സാധനങ്ങൾ | (ബി) | സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും സപ്ലൈകോ വിൽപ്പന ശാലകൾ വഴി |

| | | | |
|---|---|---|---|
| | പൊതുമാർക്കറ്റിനെ അപേക്ഷിച്ച് വിലകുറച്ച് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | | ലഭ്യമാക്കിയ 13 ഇനം അവശ്യ സാധനങ്ങളുടെ പട്ടിക (പൊതുവിപണിയേക്കാൾ ശരാശരി 25% മുതൽ 35% വരെ വിലക്കുറവിൽ) അനുബന്ധം II ആയി ചേർക്കുന്നു.<br><br>പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.<br><br>ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.<br><br>ശബരി കെ- റൈസ് (ജയ അരി) - 1 കി.ഗ്രാമിന് 29 രൂപ<br><br>ശബരി കെ- റൈസ് (കുറുവ അരി) - 1 കി.ഗ്രാമിന് 33 രൂപ<br><br>ശബരി കെ- റൈസ് (മട്ട അരി) - 1 കി.ഗ്രാമിന് 33 രൂപ<br><br>നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.<br><br>സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രമുഖ ബ്രാൻഡുകളുടെ ഇരുന്നൂറോളം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടുകൾ നൽകിയിരുന്നു. ശബരി ഉത്പ്പന്നങ്ങൾ പൊതു വിപണിയേക്കാൾ 15% മുതൽ 35% വരെ വിലകുറച്ചാണ് വിൽപ്പന നടത്തിയത്. ഇതിനുപുറമേ ചില ശബരി ഉൽപ്പന്നങ്ങൾക്ക് ഓണക്കാലത്ത് കോമ്പോ ഓഫറുകളും നൽകിയിരുന്നു. |
| (സി) | ഈ ഓണക്കാലത്ത് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് സപ്ലൈകോയിൽ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാധനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | 16-02-2024 തീയതിയിലെ സ.ഉ.(കൈ) നം. 3/2024/F&CS നമ്പർ ഉത്തരവ് അനുസരിച്ച് 13 ഇനം സബ്സിഡി സാധനങ്ങളുടെ സബ്സിഡി വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. 29-05-2024 തീയതിയിലെ സ.ഉ.(സാധാ) നം.129/2024/F&CS നമ്പർ ഉത്തരവ് പ്രകാരം മുളകിന്റെ സബ്സിഡി വിൽപ്പന വില 500 ഗ്രാമിന് 82/- രൂപയിൽ നിന്ന് 75/- രൂപയായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>31-08-24 തീയതിയിലെ സ.ഉ.(സാധാ) നം.282/2024/F&CS നമ്പർ ഉത്തരവ് പ്രകാരം പഞ്ചസാരയുടെയും മട്ട അരിയുടെയും സബ്സിഡി |

| | | | |
|---|---|---|---|
| | | | വിൽപ്പന വില കിലോ ഗ്രാമിന് 33/- രൂപയായും 04-09-2024 തീയതിയിലെ സ.ഉ.(സാധാ) നം. 287/2024/F&CS നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി വിൽപ്പന വില ഉവരപ്പരിപ്പ് കിലോഗ്രാമിന് 115/- രൂപയായും കുറുവ അരി കിലോഗ്രാമിന് 33/- രൂപയായും ചെറുപയർ കിലോഗ്രാമിന് 90/- രൂപയായും പരിഷ്കരിച്ചു. പൊതുവിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 05-09-2024 തീയതിയിലെ സ.ഉ.(സാധാ) നം.290/2024/F&CS നമ്പർ ഉത്തരവ് പ്രകാരം മുളകിന്റെ സബ്സിഡി വിൽപ്പന വില വീണ്ടും കുറച്ച് 500 ഗ്രാമിന് 73/- രൂപയാക്കി പരിഷ്കരിച്ചു. ടി ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച സബ്സിഡി വിലകൾ അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം. | ഇനം | അളവ് (ക്വിന്റൽ) | തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ചെറുപയർ | 24355 | 2,393.56 |
| 2 | കടല | 18230 | 1,696.59 |
| 3 | ഉഴുന്ന് | 23185 | 2,789.67 |
| 4 | തുവരപ്പരിപ്പ് | 10385 | 1,652.50 |
| 5 | വൻപയർ | 5480 | 523.85 |
| 6 | മുളക് | 10240 | 1,693.29 |
| 7 | മല്ലി | 7902 | 713.24 |
| 8 | പഞ്ചസാര | 90950 | 3,811.86 |
| 9 | പച്ചരി | 17940 | 656.19 |
| 10 | മട്ട അരി | 45485 | 1,809.11 |
| 11 | ജയ അരി | 98350 | 4,014.61 |
| 12 | കുറുവ അരി | 82900 | 3,472.33 |

## അനുബന്ധം II

| ക്രമ നമ്പർ | ഇനം | നിലവിലെ സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ(1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ (1 കി. ഗ്രാം) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല (1 കി. ഗ്രാം) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ(1 കി. ഗ്രാം) | 75 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 115 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം) | 73 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 55 | 1/2 ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 26 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ് | | | |

# അനുബന്ധം III

<table>
<tr><td colspan="5">13 ഇനം സബ് സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും</td></tr>
<tr><td>ക്രമ നമ്പർ</td><td>ഇനം</td><td>16-2-2024 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ</td><td>നിലവിലെ സബ് സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ</td><td>സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ്</td></tr>
<tr><td>1</td><td>ചെറുപയർ(1 കി. ഗ്രാം)</td><td>92</td><td>90</td><td>1 കിലോ ഗ്രാം</td></tr>
<tr><td>2</td><td>ഉഴുന്ന് ബോൾ (1 കി. ഗ്രാം)</td><td>95</td><td>95</td><td>1 കിലോ ഗ്രാം</td></tr>
<tr><td>3</td><td>വൻകടല (1 കി. ഗ്രാം)</td><td>69</td><td>69</td><td>1 കിലോ ഗ്രാം</td></tr>
<tr><td>4</td><td>വൻപയർ(1 കി. ഗ്രാം)</td><td>75</td><td>75</td><td>1 കിലോ ഗ്രാം</td></tr>
<tr><td>5</td><td>തുവര പരിപ്പ് (1 കി. ഗ്രാം)</td><td>111</td><td>115</td><td>1 കിലോ ഗ്രാം</td></tr>
<tr><td>6</td><td>മുളക് ( 500 ഗ്രാം)</td><td>82</td><td>73</td><td>500 ഗ്രാം</td></tr>
<tr><td>7</td><td>മല്ലി ( 500 ഗ്രാം)</td><td>39</td><td>39</td><td>500 ഗ്രാം</td></tr>
<tr><td>8</td><td>പഞ്ചസാര (1 കി. ഗ്രാം)</td><td>27</td><td>33</td><td>1 കിലോ ഗ്രാം</td></tr>
<tr><td>9</td><td>വെളിച്ചെണ്ണ 1/2 ലിറ്റർ</td><td>55</td><td>55</td><td>1/2 ലിറ്റർ</td></tr>
<tr><td>10</td><td>ജയ അരി (1 കി. ഗ്രാം)</td><td>29</td><td>29</td><td rowspan="4">എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം</td></tr>
<tr><td>11</td><td>കുറുവ അരി (1 കി. ഗ്രാം)</td><td>30</td><td>33</td></tr>
<tr><td>12</td><td>മട്ട അരി (1 കി. ഗ്രാം)</td><td>30</td><td>33</td></tr>
<tr><td>13</td><td>പച്ചരി (1 കി. ഗ്രാം)</td><td>26</td><td>26</td></tr>
<tr><td colspan="5">നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.</td></tr>
</table>